(ഡി) വർദ്ധിച്ചുവരുന്ന ഇത്തരം കേസ്സുകൾ സമയബന്ധിതമായി കൈകാര്യം ചെയ്ത് തീർപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന 31 പ്രൊബേഷൻ ആഫീസർമാർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിൽ നിയമനം നടത്തിയെങ്കിലും 3 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്മേലുള്ള സ്റ്റേ ഉത്തരവ് കാരണമാണ് 11 പേർക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നത്.

വനിതാ വികസന കോർപ്പറേഷൻ

25 (*235) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(സി) ഇതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുകവീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ് ; മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതിടീച്ചർ) :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ദാരിദ്രരേഖക്ക് താഴെയുള്ള വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (6%) സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനായി വായ്പ നൽകിവരുന്നു.

2. 100% തൊഴിൽ ഉറപ്പ് നൽകുന്നതിനായി ഫിനിഷിംഗ് സ്കൂൾ (REACH) നടത്തിവരുന്നു

LIBRARY ARCHIVES Kerala Legislative Assembly

3. ജെൻഡർ ബോധവൽക്കരണ വീഡിയോ ഡോക്യുമെന്ററികൾ നിർമ്മിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും പ്രദർശിപ്പിച്ചു വരുന്നു

4. വനിതകൾക്കായി ഉല്പന്ന വിപണന സൗകര്യത്തിനായി വനിതാ ബസാറുകൾ നടത്തിവരുന്നു

5. കേരളത്തിലെ 12 പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ വനിതകൾക്കായി കംഫർട്ട് സ്റ്റേഷൻ കം-റിട്ടയറിംഗ് റൂം പ്രവർത്തിപ്പിക്കുന്നു

6. NIIT-യുമായി ചേർന്ന് തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു

7. വനിതകൾക്കായി കേരളത്തിലെ വിവിധ ജില്ലകളിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിവരുന്നു.

(ബി) വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കോർപ്പറേഷന് ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകിവരുന്നു.

(സി) ഇതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	കാറ്റഗറി	2007-08	2008-09	2009-10
			(തുക ലക്ഷത്തിൽ)	
1	ന്യൂനപക്ഷ വിഭാഗത്തിലെ വനിതകൾക്ക്	634.60	799.10	794.76
2	പിന്നോക്ക വിഭാഗത്തിലെ വനിതകൾക്ക്	102.54	239.02	219.96
3	പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക്	81.15	71.16	116.81
4	പൊതുവിഭാഗം	7.24	1.00	96.99
	ആകെ	825.53	1110.28	1228.52

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 2007-08-ൽ 40.00 ലക്ഷം രൂപയും, 2008-09-ൽ 55.00 ലക്ഷം രൂപയും, 2009-10-ൽ 75.00 ലക്ഷം രൂപയുമാണ് ലഭിച്ചത്.

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സ്വയം തൊഴിലിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 2009-10, 2010-11 (2011 ജനുവരി വരെ) സാമ്പത്തിക വർഷങ്ങളിലായി കോർപ്പറേഷൻ നൽകിയത് 125.34 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഫിനിഷിംഗ് സ്കൂളായ REACH-ൽ 100% തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്തുന്ന പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അക്കാഡമിക് യോഗ്യത നേടിയ പെൺകുട്ടികളെ തൊഴിൽ മേഖലയിലുള്ള മത്സരം നേരിടുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകുകയാണ് പ്രധാന പ്രവർത്തനം. REACH-ലെ 70% സീറ്റുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്കും 30% സീറ്റുകൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുമായി സംവരണം ചെയ്തിരിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 100% തൊഴിൽ ഉറപ്പ് വാഗ്ദാനം ചെയ്യുന്നുണ്ട്. ഇവിടെ നടപ്പിലാക്കിവരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു :

1. ബി.എഡ്. കഴിഞ്ഞവർക്ക് ഇൻഫർമേഷൻ ടെക്നോളജി & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
2. നേഴ്സിംഗ് കഴിഞ്ഞവർക്ക് IELTS ഉൾപ്പെടെയുള്ള പരിശീലനം
3. ഡിഗ്രി കഴിഞ്ഞവർക്ക് ഓഫീസ് അസിസ്റ്റന്റ് ആകുന്നതിനുള്ള പരിശീലനം (Tally ഉൾപ്പെടെ)
4. ഡിഗ്രി കഴിഞ്ഞവർക്ക് കസ്റ്റമർ കെയർ എക്സിക്യൂട്ടീവ് പരിശീലനം.

NIIT-യുമായി സഹകരിച്ച് 75% തൊഴിലുറപ്പ് നൽകിക്കൊണ്ട് വിവിധ കോഴ്സുകളിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്നു. ഇതിൽ 8000 രൂപയാണ് ഓരോരുത്തർക്കും കോഴ്സ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

26 (*236) ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) ജനറൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly